**"ഭരണഭാഷ– മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.171/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 22/01/2020

---

പരാമർശം:- 1 14.07.2014-ലെ സ.ഉ.(എം.എസ്)നം.137/2017/ത.സ്വ.ഭ.വ ഉത്തരവ്

2 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.04.20189- ലെ 2152/C5/2016/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8500 ലൈബ്രറികളിൽ മിക്കവയ്ക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും അവയിലൊന്നും തന്നെ ശൗചാലയ സൗകര്യങ്ങൾ ഇല്ലായെന്നും ആയതിനാൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ ഇത്തരം ലൈബ്രറികളിൽ പൊതു ശൗചാലയം പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിൽ വരുന്ന ലൈബ്രറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയിട്ടില്ലാത്ത സ്ഥാപനങ്ങളായതിനാൽ പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാനാവില്ല എന്നതിനാൽ പ്രസ്തുത വിഹിതം സ്റ്റേറ്റ് ലൈബ്രറി കൗൺസിലും ബാക്കി വരുന്ന തുക ശുചിത്വ കേരളം (അർബൻ) സ്കീമിൽ 2019-20 വർഷത്തിൽ പൊതുശൗചാലയങ്ങൾ പണിയുന്നതിന് 2217-80-800-71 എന്ന ശീർഷകത്തിൽ നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും അനുവദിച്ചു കൊണ്ടും പദ്ധതി നടപ്പിലാക്കാവുന്നതാണ് എന്നും, 50,000/- രൂപ മുതൽ 5,00,000/- രൂപ വരെയുള്ള പ്രവൃത്തികൾ ടെണ്ടർ മുഖേനയോ ഇ-ടെണ്ടർ മുഖേനയോ

നടപ്പാക്കണമെന്ന പരാമർശം (1) ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി ഗുണഭോക്തൃ സമിതിയെക്കൊണ്ട് പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനു വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകാവുന്നതാണെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- പൊതുശൗചാലയം പണിയുന്നതിന് ആവശ്യമായ സ്ഥലം ലൈബ്രറികൾക്ക് സ്വന്തമായി ഉണ്ടായിരിക്കണം.
- ലൈബ്രറികളോടനുബന്ധിച്ച് പണിയുന്ന പൊതുശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് കൂടി ഉപയോഗിക്കുവാൻ അനുവദിച്ച് കൊണ്ട് ലൈബ്രറി കൗൺസിൽ സമ്മതപത്രം നൽകണം.
- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്നതിന്, സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള യൂണിറ്റ് കോസ്റ്റായ 2,00,000/-രൂപയിൽ, കേന്ദ്ര-സംസ്ഥാന വിഹിതമായ 1,80,000/- രൂപ കിഴിച്ച് (കേന്ദ്രവിഹിതം 1,20,000/-, സംസ്ഥാന വിഹിതം 60,000/- രൂപ) ബാക്കി തുകയായ 20,000/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതാണ്
- കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്നതിന്, സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഒരു സീറ്റുള്ള പൊതുശൗചാലയ യൂണിറ്റ് കോസ്റ്റ് 98,000/- രൂപയിൽ, കേന്ദ്ര-സംസ്ഥാന വിഹിതമായ 65,334/- രൂപ കിഴിച്ച് (കേന്ദ്രവിഹിതം 39,200/-, സംസ്ഥാന വിഹിതം 26,134/- രൂപ) ബാക്കി തുകയായ 32,666/- രൂപയിൽ 9,800/- രൂപ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ വഹിക്കേണ്ടതും ബാക്കി വരുന്ന 22866/- രൂപ ശുചിത്വ കേരളം (അർബൻ) ഫണ്ടിൽ 2019-20 വർഷത്തിൽ പൊതുശൗചാലയങ്ങൾ പണിയുന്നതിന് 2217-80-800-71 എന്ന ശീർഷകത്തിൽ നീക്കി വച്ചിട്ടുള്ള തുകയിൽ നിന്നും വകയിരുത്തേണ്ടതുമാണ്
- പദ്ധതി നിർവ്വഹണം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ മാത്രം ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതിയെക്കൊണ്ട് നിർവ്വഹിപ്പിക്കേണ്ടതാണ്.
- പദ്ധതി നിർവ്വഹണം സംബന്ധിച്ച് ഗുണഭോക്തൃ സമിതി കൺവീനറും

പഞ്ചായത്ത് സെക്രട്ടറിയും ഉടമ്പടിയിൽ ഒപ്പിട്ടതിന് ശേഷം മാത്രം പദ്ധതി നിർവ്വഹണം ആരംഭിക്കേണ്ടതാണ്.

- 2019-20 സാമ്പത്തിക വർഷത്തിൽ തന്നെ പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ടതാണ്.
- പൊതുശൗചാലയത്തിന്റെ ദൈനംദിന പരിപാലനം ബന്ധപ്പെട്ട ലൈബ്രറി ഭാരവാഹികൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E/GSSA/ERSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.01.23 10:23:17 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്